**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരമുള്ള വയനാട് ജില്ലയിലെ ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേട് പ്രോജക്ട് ഡയറക്ടറായിരുന്ന ശ്രീ.പി.ഒ.അലക്സാണ്ടർ -ന് എതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയത്- സസ്പെൻഷൻ കാലം ക്രമീകരിച്ച് - അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.1700/2013/തസ്വഭവ, തിരുവനന്തപുരം,തീയതി, 27.06.2013**

---

പരാമർശം:-1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1770/2006/തസ്വഭവ, തീയതി 26.07.2006.

2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1364/2007/തസ്വഭവ, തീയതി 04.05.2007.
3. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1554/2007/തസ്വഭവ, തീയതി 31.05.2007.
4. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 264/2011/തസ്വഭവ, തീയതി 25.01.2011.
5. ശ്രീ.പി.ഒ.അലക്സാണ്ടർ സമർപ്പിച്ച 15.01.2013ലെ അവധി അപേക്ഷ.
6. സർക്കാർ ഉത്തരവ്(സാധാ)നമ്പർ 707/2013/തസ്വഭവ, തീയതി 20.03.2013.
7. ഗ്രാമവികസന കമ്മീഷണറുടെ 28.01.2013, 15.04.2013 എന്നീ തീയതികളിലെ 16153/എസ്റ്റാഎ4/06/സിആർഡി നമ്പർ കത്തുകൾ.

**ഉത്തരവ്**

എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വയനാട് ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ വയനാട് പ്രോജക്ട് ഡയറക്ടറായിരുന്ന ശ്രീ.പി.ഒ.അലക്സാണ്ടറെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. ശ്രീ.പി.ഒ.അലക്സാണ്ടർ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 31484/06-ന്റെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് എതിരെയുള്ള വിജിലൻസ് എൻക്വയറിയുടെ റിപ്പോർട്ട് വരുന്നതു വരെ തുടർ അച്ചടക്ക നടപടി നിർത്തി വച്ചു കൊണ്ട് പരാമർശം (2) പ്രകാരം ടിയാനെ സർവ്വീസിൽ തിരിച്ചെടുക്കുകയും, പരാമർശം (3) പ്രകാരം ടിയാനെ ഗ്രാമവികസന കമ്മീഷണറേറ്റിൽ ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണറായി നിയമിക്കുകയും തുടർന്ന് ടിയാൻ 01.06.07 F.N -ന് പ്രസ്തുത തസ്തികയിൽ ചുമതല ഏൽക്കുകയും ഉണ്ടായി.

ശ്രീ.പി.ഒ.അലക്സാണ്ടർ 30.11.2007-ന് സർവ്വീസിൽ നിന്ന് വിരമിച്ച സാഹചര്യത്തിലും ടിയാന്റെ സസ്പെൻഷനുമായി ബന്ധപ്പെട്ട് പരിശോധിക്കപ്പെട്ട വിഷയത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല എന്ന് കണ്ടെത്തിയ സാഹചര്യത്തിലും ശ്രീ.പി.ഒ.അലക്സാണ്ടർക്കെതിരെയുള്ള അച്ചടക്ക നടപടി പരാമർശം4 ഉത്തരവിലൂടെ സർക്കാർ ഉപേക്ഷിയ്ക്കുകയുണ്ടായി.

ശ്രീ.പി.ഒ.അലക്സാണ്ടർക്കെതിരെയുള്ള അച്ചടക്ക നടപടികൾ ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ, ടിയാന്റെ 26.07.2006 മുതൽ 03.05.2007 വരെയുള്ള സസ്പെൻഷൻ കാലയളവ്, ശമ്പളവും അലവൻസുകളും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തിക്കൊണ്ട് പെൻഷനു മാത്രം ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും 04.05.2007 മുതൽ 31.05.2007 വരെയുള്ള ഇടവേള (28 ദിവസം) പ്രവേശന കാലമായോ, അർഹതപ്പെട്ട അവധിയായോ ഇവ രണ്ടുമായോ കെ.എസ്.ആർ.ഭാഗം I ചട്ടം 56 B (9)നു താഴെയുള്ള കുറിപ്പ് 2 പ്രകാരം ക്രമീകരിച്ചു കൊണ്ടും, ഇക്കാര്യത്തിൽ ആവശ്യമായ മേൽനടപടികൾ സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

04.05.2007 മുതൽ 31.05.2007 വരെയുള്ള ഇടവേള ക്രമീകരിക്കുന്നതിനു വേണ്ടിയുള്ള അവധി അപേക്ഷ ശ്രീ.പി.ഒ.അലക്സാണ്ടർ പരാമർശം (5) പ്രകാരം സമർപ്പിക്കുകയും ആയത് പരാമർശം (7) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് സർക്കാരിന് അയച്ചു തന്നിട്ടുമുണ്ട്.

പരാമർശം 6ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുകയും ശ്രീ.പി.ഒ.അലക്സാണ്ടർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (റിട്ടയേർഡ്)-ന് 04.05.2007 മുതൽ 31.05.2007 വരെ 28 ദിവസം കേരള സർവ്വീസ് റൂൾ ഭാഗം I ചട്ടം 84 പ്രകാരം പരിവർത്തിത അവധി അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.യു.രാജീവ്**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.പി.ഒ.അലക്സാണ്ടർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (റിട്ടയേർഡ്)
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം )
ഇൻഫർമേഷൻ കേരള മിഷൻ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ